# പൊങ്ങച്ചമൂല്യത്തിന്റെ മേള

ഡോ. എം.പി. പരമേശ്വരൻ


ബോധമുള്ള എല്ലാ മലയാളികളും ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെൽ ബഹിഷ്കരിക്കണം. ഏറ്റവും തലതിരിഞ്ഞ വികസന കാഴ്ച്ചപ്പാടിന്റെ പ്രതിഫലനമാണ്. ഇത്തരം വ്യാപാരോത്സവങ്ങളെയല്ല, ജനങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ വിൽക്കുന്ന, നമ്മൾ പ്രാദേശികമായി നിർമ്മിക്കുന്ന ഉൽപന്നങ്ങൾ വിൽക്കുന്ന ഐ.ആർ.ഡി.പി. മേളകളെ വേണം ഈ വിധത്തിൽ പ്രോത്സാഹിപ്പിക്കാൻ. ഇപ്പോൾ ഇവർ ആഘോഷിക്കുന്ന വ്യാപാരോത്സവം മുതലാളിത്തത്തിന്റെ ഭാഗമാണ്. ഷോപ്പിംഗ് ഫെസ്റ്റിവെൽ പോലെയുള്ള പരിപാടികളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാരുകൾക്ക് കോപ്പൻഹേഗനെക്കുറിച്ചോ കാലാവസ്ഥവ്യതിയാനത്തെ കുറിച്ചോ സംസാരിക്കാൻ അവകാശമില്ല. ഒരു കുപ്പി കൊക്കകോളം കുടിക്കുമ്പോൾ നിങ്ങൾ ആഗോളതാതപനം കൂട്ടുന്നതിൽ പങ്കാളിയാകുകയാണ്. ആവശ്യമില്ലാത്ത ഓരോ സാധനങ്ങൾ ഉപഭോഗം ചെയ്യുമ്പോഴും ഓരോ ആളുകളും ആഗോള താപനം വർദ്ധിപ്പിക്കുന്നതിൽ പങ്കാളികളാവുകയാണ്.

പൊങ്ങച്ച മൂല്യമുള്ള സാധനങ്ങളാണ് വ്യാപാരോത്സവം വഴി വിറ്റഴിക്കപ്പെടുന്നത്. എന്നാൽ ക്ഷേമമൂല്യങ്ങളെ സാധനങ്ങളാണ് കുടുംബശ്രീ മേളകൾ പോലെയുള്ള പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനമേളയിൽ വിറ്റഴിക്കപ്പെടുന്നത്.

ക്ഷേമമൂല്യം ഗ്രാൻ കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന്റെ അജണ്ടയിലില്ല. പൊങ്ങച്ച മൂല്യം വാങ്ങുന്നവരെയാണ് ഇത് പ്രോത്സാഹിപ്പിക്കുന്നത്. ഇടതുപക്ഷ സർക്കാറിന് ഒട്ടും യോജിച്ചല്ല. പൊങ്ങച്ചമൂല്യത്തിലധിഷ്ഠിതമായ ഉപയോഗം വർദ്ധിപ്പിച്ചതാണ് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഒരു പ്രധാനകാരണം. കേരളവും അതേ വഴിക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്. കച്ചവടക്കാർക്ക് മാത്രം ഉപകാരപ്രദമായ കാര്യം നടത്താൻ ശ്രമിക്കുന്നത് ഇടതുപക്ഷ കാഴ്ച്ചപ്പാടല്ല. മുതലാളിത്തം വളർത്തിയാൽ മാത്രമെ സോഷ്യലിസം വരൂ എന്ന ചൈനയുടെ നടപടിയുടെ തുടർച്ചയാണ് കേരളത്തിലും നടക്കുന്നത്. അങ്ങേയറ്റം മധ്യവർഗ്ഗവത്കരിക്കപ്പെട്ട കേരളത്തിൽ മുക്കാൽ പങ്കും ഉദ്യോഗസ്ഥരാണ്. അവരാണ് വ്യാപാരോത്സവം പോലെയുള്ള പരിപാടികളിൽ വളരെ വേഗം പെട്ടുപോകുന്നത്.

സാംസ്കാരികരംഗത്ത് ഇടപെടുന്നപലരും ഉപഭോഗസംസ്കാരത്തെ വളർത്തുന്ന ഈ ഷോപ്പിംഗ് ഫെസ്റ്റിവലിനെതിരെ സംസാരിക്കാൻ തയ്യാറാകുന്നില്ല. ചില പ്രശ്നങ്ങളിൽ മാത്രമാണ് പലരും ഇടപെടുന്നത്. ആൾ ദൈവങ്ങളാണ് ഇന്ത്യയിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്നും ഇതിനെ എതിർക്കുകയാണ് പ്രധാനമെന്നും ചിലർ കരുതുന്നു. ഉപഭോഗ സംസ്കാരത്തിനെതിരെ സംസ്കാരിക്കാൻ ഇവരാരും തയ്യാറാകുന്നില്ല. ആകെയുള്ളത് പഴയ ഗാന്ധിയൻ ധാരയിലുള്ള ആളുകൾ മാത്രമാണ്. പിന്നെ ഷോപ്പിംഗ് ആളുകൾ മാത്രമാണ് പിന്നെ ഷോപ്പിംഗ് ഫെസ്റ്റിവൽ ഇവിടെയൊരു പ്രധാന സംസ്കാരിക പരിപാടിയാണല്ലോ? അതുകൊണ്ട് സാസംകാരിക നായകന്മാരും പങ്കുചേരുന്നു ശരിക്കും ബഹിഷ്കരണമാണ് വേണ്ടത്. അല്ലാതെ കോപ്പൻഹേഗനിൽ പോയി എന്ത് ഒപ്പിട്ടിട്ടും കാര്യമില്ല. ആഗോള താപനത്തിനെതിരെ സംസ്കാരിക്കണമെങ്കിൽ ഉപഭോഗം കുറയ്ക്കണം. യൂറോപ്പിൽ പലയിടത്തും അത്തരം ബഹിഷ്കരണരീതികൾ ഉയർന്നു വരുന്നുണ്ട്.

ക്ഷേമമൂല്യത്തിന് പരിധിയുണ്ട്. പ്രാഥമിക ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതോടെ അത് അവസാനിക്കുന്നു. പിന്നെ മൂലധനം വർദ്ധിപ്പിക്കാനുള്ള വഴി ആവശ്യമില്ലാത്ത സാധനങ്ങളുടെ ഉപഭോഗം കൂട്ടുക എന്നതാണ്. അതാണ് സർക്കാർ ഇവിടെ ചെയ്യ്തുകൊണ്ടിരിക്കുന്നത്.



ക്ഷേമമൂല്യം ഗ്രാൻ കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന്റെ അജണ്ടയിലില്ല. പൊങ്ങച്ചമൂല്യം വാങ്ങുന്നവരെയാണ് അത് പ്രോത്സാഹിപ്പിക്കുന്നത്. ഇടതുപക്ഷ സർക്കാറിന് ഇത് ഒട്ടും യോജിച്ചതല്ല. പൊങ്ങച്ച മൂല്യത്തിലിധിഷ്ഠിതമായ ഉപഭോഗം വർദ്ധിപ്പിച്ചതാണ് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഒരു പ്രധാനകാരണം. കേരളവും അതേ വഴിക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്. കച്ചവടക്കാർക്ക് മാത്രം ഉപകാരപ്രദമായ കാര്യം നടത്താൻ ശ്രമിക്കുന്നത് ഇടതുപക്ഷ കാഴ്ച്ചപ്പാടല്ല. മുതലാളിത്തം വളർത്തിയാൽ മാത്രമെ സോഷ്യലിസം വരു എന്ന ചൈനയുടെ നടപടിയുടെ തുടർച്ചയാണ് കേരളത്തിലും നടക്കുന്നത്.

ഇങ്ങിനെ പോയാൽ നാളെ ബിവറേജ്സ് കോർപ്പറേഷനിലും ഷോപ്പിംഗ് ഫെസ്റ്റിവൽ തുടങ്ങും നല്ല മൂലധനം കിട്ടുമല്ലോ? സർക്കാറിന്റെ നികുതി വർദ്ധിപ്പിക്കേണ്ടചത് ആവശ്യമില്ലാത്ത സാധനങ്ങൾ ജനങ്ങൾക്ക് നൽകിക്കൊണ്ടാകരുത്

ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രധാന അപകടം അതിന്റെ ദർശനം തന്നെയാണ്. 20,000 കോടി രൂപയുടെ വ്യാപാരമാണ് കേരളത്തിൽ ഒരു വർഷം നടക്കുന്നത്. വ്യാപാരോത്സവം നടത്തിയ 45 ദിവസം അധികമായി കിട്ടി എന്ന് പറയുന്നത് വളരെ നിസാരമായ തുകയാണ്. അതിനുവേണ്ടി ഇത്ര വലിയ ആഘോഷം നടത്തേണ്ടതില്ല. ജീവനക്കാർക്ക് വീണ്ടും ശമ്പള വർദ്ധനവ് വരുകയാണ്. അതുമൊരു പ്രധാന പ്രശ്നമാണ്. ഞാൻ മനസിലാക്കിയ കണക്ക് പ്രകാരം 2011 ൽ പോലും ഒരു കുടുംബത്തിന്റെ ആവശ്യ കാര്യങ്ങൾ നടന്നു പോകാൻ പ്രതിമാസം 5000 രൂപ മതി. അധികമായി വരുന്ന ചിലവുകൾ കൂട്ടി ചേർത്ത് പരമാവധി 10,000 രൂപ.

ആ പണത്തിന്റെ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് നിർവ്വഹിക്കാവുന്ന എല്ലാ സംവിധാനങ്ങളും കേരളത്തിൽ നിലനിൽക്കുന്നുണ്ട്. അതിൽ കൂടുതൽ കിട്ടുന്നതുകൊണ്ടാണ് എല്ലാവരും ഷോപ്പിംഗ് നടത്താനിറങ്ങുന്നത്. പണം ചിലവാകണമല്ലോ? അപ്പോൾ സ്വർണ്ണം വാങ്ങേണ്ടിവരും. അധികമായി സ്ഥലം വാങ്ങേണ്ടിവരും ഒരു കോളേജ് അധ്യാപകന് പ്രതിമാസം 40,000 രൂപയോളം കിട്ടും. പിന്നെ ഷോപ്പിംഗ് ഫെസ്റ്റിവലിന് തന്നെ പോകേണ്ടിവരും.

ദുബായിയേയും സിംഗപൂരിലേയും പോലെ കേരളം ഒരു ഷോപ്പിംഗ് ഡസ്റ്റിനേഷനാകുമെന്ന് പറയുന്നത് വെറുതെയാണ്. ഷോപ്പിംഗ് ഡസ്റ്റിനേഷനായാൽ തന്നെ അതിനുള്ള സാധനങ്ങൾ പുറമെ നിന്നും വരണം. അതുകൊണ്ട് എന്താണ് കാര്യം?

കേരളത്തെ സാംസ്കാരിക ജീർണ്ണത അതിവേഗത്തിൽ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഉപഭോഗ ആസക്തി വളർന്നു കൊണ്ടിരിക്കുന്നു. ആവശ്യമല്ല, അത്യാഗ്രഹമാണ് വലുതെന്ന രീതിയിലേക്ക് കാര്യങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു. വ്യത്യസ്തമായ, സർഗ്ഗാത്മകമായ അഭിപ്രായങ്ങൾ ഉണ്ടാകുന്നില്ല. ക്രിയാത്മകമാവുക മാത്രമാണ് ഈ പ്രതിസന്ധി മറകടക്കാനുള്ള ഏകവഴി. സർക്കാറൊന്നും അതിനുള്ള ശ്രമങ്ങൾ നടത്തുന്നതേയില്ല. ചൈനയിൽ ഉള്ളവനും ഇല്ലാത്തതവനും തമ്മിലുള്ള അന്തരം കൂടികൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റ് വിരുദ്ധ ചിന്തകൾ ആയിരം തവണ ഇത് മാർക്സിസമാണ് മാർക്സിസമാണ് എന്ന് പറഞ്ഞാൽ പറയുന്നത് മാർക്സിസമാണെന്ന് തോന്നും. അതാണ് ഇപ്പോൾ ഇടതുപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്.

*അരുണിമ, കോട്ടപ്പുറം, തൃശൂർ*


പുസ്തകങ്ങൾ

1. ഇല്ലംനിറ (കഥകൾ) കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത് എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം എഡിറ്റർ : ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം
പുസ്തകശാല
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 04872421385
robinkeraleeyam@gmail.com